# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 182

08.03.2017 - ൽ മറുപടിയ്ക്ക്

### പരമ്പരാഗത കയർ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.കെ. ദാസൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ.ജെ. മാക്സി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) കയർ വ്യവസായ രംഗത്തെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | എ) കയർ വ്യവസായരംഗത്തെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തന മൂലധനം നൽകുന്നു.<br><br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br><br>3. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br><br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.<br><br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകി വരുന്നു.<br><br>6. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനേയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br><br>7. ഉൽപ്പാദനവും വിപണന പ്രചോദനവും (വിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു. |

| | |
|---|---|
| | 8. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് 17 കോടി രൂപയിൽ നിന്നും 77 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>9. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br><br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br><br>11. കയർ ജിയോ ടെക്സ്റ്റയിൽസ് വിനിയോഗം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിപുലീകരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നു<br><br>12. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>14. കയർ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു. |
| ബി) ഈ വ്യവസായം നേരിടുന്ന മുഖ്യ പ്രശ്നങ്ങളിൽ ഒന്നായ ചകിരി ക്ഷാമം പരിഹരിക്കാനായി കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചത്തേങ്ങ സംഭരണവുമായി സഹകരിച്ച് കർഷകരിൽ നിന്ന് പൊതിക്കാത്ത തേങ്ങ സംഭരിക്കാനും അതു പൊതിച്ച് തൊണ്ട് ശേഖരിക്കാനും സാധിക്കുമോ എന്ന കാര്യം കയർ വകുപ്പ് പരിശോധിക്കുമോ; | ബി) ചകിരി ക്ഷാമം പരിഹരിക്കാനായി കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചത്തേങ്ങ സംഭരണവുമായി സഹകരിച്ച് കർഷകരിൽ നിന്ന് പൊതിക്കാത്ത തേങ്ങ സംഭരിക്കാനും അതു പൊതിച്ച് തൊണ്ട് ശേഖരിക്കാനും സാധിക്കുമോ എന്ന കാര്യം പരിശോധിച്ചുവരികയാണ്. 2017 - 18 ൽ വ്യാപകമായി ആധുനിക ചകിരി മില്ലുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) വൈറ്റ് ഫൈബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാനും ഗുണനിലവാരമുള്ള ഡീഫൈബറിംഗ് മെഷീനുകൾ വ്യാപിപ്പിക്കാനും സാധിക്കുമോ; | സി) വൈറ്റ് ഫൈബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ "റഗുലേറ്റഡ് മെക്കനൈസേഷൻ ഓഫ് കയർ ഇൻഡസ്ട്രി" എന്ന പദ്ധതിയിലൂടെ തുക അനുവദിച്ചിട്ടുണ്ട്. അതിനാവശ്യമായ മെഷിനറികൾ കെ.എസ്.സി.എം.എം.സി. വഴി നിർമ്മിച്ച് നൽകി വരുന്നു. |

| | |
|---|---|
| ഡി) കയർ ഫെഡിന്റെയും കയർ കോർപ്പറേഷന്റെയും വിപണന ശേഷി ശക്തിപ്പെടുത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ഡി) കയർഫെഡിന്റെയും, കയർ കോർപ്പറേഷന്റേയും വിപണന ശേഷി ശക്തിപ്പെടുത്തുവാനായി PPSS പദ്ധതി പ്രകാരം തുക അനുവദിക്കുന്നുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുക എന്നുള്ളതാണ് സർക്കാർനയം. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിയ്ക്കുകയും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പ്പന്നം മുഴുവനും കയർ കോർപ്പറേഷൻ സംഭരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി ക്രയവില സ്ഥിരത ഫണ്ട് പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 77 കോടി രൂപയിൽ നിന്നും കയർഫെഡിന് 16,98,36,938/- രൂപയും കയർ കോർപ്പറേഷന് 26,62,00,000/- രൂപയും ചേർത്ത് 2017 ഫെബ്രുവരി വരെ ആകെ 43,60,36,938/- രൂപ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. തൻമൂലം കയറിന്റെ സംഭരണം കയർഫെഡ് വഴിയും, ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴിയും നടത്തുന്നതിന് കഴിയുന്നു. കൂടാതെ കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ) 50% സംസ്ഥാന വിഹിതം ആയി 1200 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ